ملخص حُقوق دعت إليها الفطرة وقرّرتها الشريعة باللغة العربية لابن عثيمين رحمه الله

# ശുദ്ധപ്രകൃതി തേടുന്നതും മതം അംഗീകരിച്ചതുമായ കടമകൾ

**മുഹമ്മദു ബ്നു സ്വാലിഹുൽ ഉഥൈമീൻ ﵀**

ملخص

**സംഗ്രഹം**

حُقوق دعت إليها الفطرة وقرّرتها الشريعة باللغة العربية لابن عثيمين رحمه الله

# ശുദ്ധപ്രകൃതി തേടുന്നതും മതം അംഗീകരിച്ചതുമായ കടമകൾ

**മുഹമ്മദു ബ്നു സ്വാലിഹുൽ ഉഥൈമീൻ ﵀**

## 1ـ حقُّ الله تعالى

أن تعبده وحده لا شريك له، وتكون عبدًا متذللا خاضعا له، ممتثلا لأمره، مجتنباً لنهيه، مصدِّقا بخبره، عقيدة مثلى، وإيمانٌ بالحق، وعمل صالح مثمر، عقيدة قوامها: المحبة والتعظيم، وثمرتها: الإخلاص والمثابرة.

## 1- അല്ലാഹുവിനോടുള്ള കടമകൾ

അല്ലാഹുവിന് പങ്കുകാരെ ചേർക്കാതെ നീ അവനെ മാത്രം ആരാധിക്കലും, അവന് കീഴൊതുങ്ങിയവനായി വിനയമുള്ള ഒരു അടിമയാകലും, അവന്റെ കൽപനകളെ ശിരസ്സാവഹിക്കുന്നവനും, നിരോധനങ്ങളിൽ നിന്ന് വിട്ടു നിൽക്കുന്നവനാകലും, ശ്രേഷ്ഠമായ വിശ്വാസ കാര്യങ്ങളും, സത്യവിശ്വാസവും, ഫലം നൽകുന്ന സൽകർമങ്ങളും (അടങ്ങിയ) അല്ലാഹുവിന്റെ വാർത്തകളെ സത്യപ്പെടുത്തലും (നിനക്ക് ബാധ്യതയാകുന്നു). വിശ്വാസത്തിന്റെ അടിത്തറ സ്നേഹവും, മഹത്വപ്പെടുത്തലുമാണ്, അതിന്റെ ഫലം: ഇഖ്ലാസ്വും (ആത്മാർത്ഥതയും), സ്ഥിരോത്സാഹവും ആണ്.

## 2ـ حقّ رسول الله ﷺ

توقيره، واحترامه، وتعظيمه؛ التّعظيم اللائق به، من غير غلوٍّ ولا تقصير.

وتصديقه فيما أخبر به من الأمور الماضية والمستقبَلة، وامتثال ما به أمر، واجتناب ما عنه نهى وزجر، والإيمان بأن هديه أكمل الهدي، والدفاع عن شريعته وهديه.

## 2– റസൂൽ ﷺ യോടുള്ള കടമകൾ

റസൂൽ ﷺ യെ ആദരിക്കലും ബഹുമാനിക്കലും അമിതമാക്കലോ ചുരുക്കിക്കെട്ടലോ ഇല്ലാതെ നബി ﷺ ക്ക് യോജിച്ച വിധം നബി ﷺ യെ മഹത്വപ്പെടുത്തലും, കഴിഞ്ഞതും വരാനിരിക്കുന്നതുമായ കാര്യങ്ങളിൽ പെട്ടതായി നബി ﷺ അറിയിച്ച കാര്യങ്ങളെ സത്യപ്പെടുത്തലും, നബി ﷺ കൽപിച്ച കാര്യങ്ങൾ നടപ്പിലാക്കലും, നബി ﷺ വിരോധിക്കുകയും, അകന്ന് നിൽക്കാൻ അറിയിച്ചതുമായ കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കലും, നബി ﷺ യുടെ മാർഗ്ഗദർശനം ഏറ്റവും പരിപൂർണ്ണമാണെന്ന് വിശ്വസിക്കലും, നബി ﷺ യുടെ മതനിയമങ്ങളേയും, മാർഗ്ഗ ദർശനത്തേയും പ്രതിരോധിക്കുകയും ചെയ്യലും (കടമയാണ്).

## 3ـ حقوق الوالدين

تبرهما، وذلك بالإحسان إليهما قولًا وفعلا بالمال والبدن، وتمتثل أمرهما في غير معصية الله، وفي غير ما فيه ضرر عليك.

**3- മാതാപിതാക്കളോടുള്ള ബാധ്യതകൾ**

നീ അവർ രണ്ട് പേർക്കും പുണ്യം ചെയ്യൽ. ശരീരം കൊണ്ടും സമ്പത്ത് കൊണ്ടും വാക്കാലും പ്രവൃത്തിയാലും അവർക്ക് രണ്ട് പേർക്കും നൻമ ചെയ്യലാണ് അത്. അല്ലാഹുവിനെ ധിക്കരിക്കുന്ന കാര്യത്തിലല്ലാതെയും, നിനക്ക് ദ്രോഹം ഇല്ലാത്ത കാര്യങ്ങളിലും ഉള്ള അവരുടെ കൽപനകളെ നീ നടപ്പാക്കലും (ബാധ്യതായാണ്).

4ـ حقُّ الأولاد

1ـ التربية؛ وهي تنمية الدين والأخلاق في نفوسهم حتى يكونوا على جانب كبير من ذلك

2ـ أن ينفق عليهم بالمعروف من غير إسراف ولا تقصير

3ـ ألا يفضل أحدا منهم على أحد في العطايا والهبات

**4- മക്കളോടുള്ള ബാധ്യതകൾ**

1- തർബിയത്ത് നൽകൽ: മക്കൾ വലുതാകുന്നത് വരെ അവരുടെ ഹൃദയങ്ങളിൽ മതവും സ്വഭാവ കാര്യങ്ങളും വളർത്തിക്കൊണ്ടു വരലാണ് അത്.

2- പിശുക്കോ ധൂർത്തോ ഇല്ലാതെ നല്ല നിലക്ക് അവർക്കായി ചിലവഴിക്കൽ.

3- സമ്മാനങ്ങളും മറ്റും നൽകുമ്പോൾ അവരിൽ ഒരാൾക്ക് മറ്റൊരാളേക്കാൾ പരിഗണന നൽകാതിരിക്കൽ.

5ـ حقوق الأقارب

أن يصل قريبه بالمعروف؛ ببذل الجاه، والنفع البدني، والنفع المالي بحسب ما تتطلبه قوة القرابة والحاجة.

**5– ബന്ധുക്കളോടുള്ള കടമകൾ**

നൻമ ചെയ്തും, ശാരീരികമായ ഉപകാരങ്ങൾ ചെയ്തും, ആവശ്യവും, ബന്ധത്തിന്റെ ദൃഢതയും പരിഗണിച്ച് സാമ്പത്തിക സഹായം നൽകിയും ഒരാൾ തന്റെ ബന്ധുവിനോട് ബന്ധം ചേർക്കൽ.

6ـ حقّ الزوجين

أَن يعاشر كل منهما الآخر بالمعروف وأن يبذل الحق الواجب له بكل سماحة وسهولة من غير تكرّه لبذله ولا مماطلة.

من حقوق الزوجة على زوجها: أن يقوم بواجب نفقتها من الطعام والشراب والكسوة والمسكن وتوابع ذلك، والعدل بين الزوجات.

من حقوق الزوج على زوجته: أن تطيعه في غير معصية الله، وأن تحفظه في سره وماله، وألا تعمل عملا يضيع عليه كمال الاستمتاع.

**6– ഇണകൾ തമ്മിലുള്ള കടമകൾ**

അവർ രണ്ട് പേരും നല്ല നിലക്ക് പരസ്പരം ബന്ധപ്പെടലും, നിർബന്ധമായ കടമകൾ എല്ലാ അലിവോടെയും അത് നടപ്പിലാക്കാൻ നിർബന്ധം പിടിക്കാതെ എളുപ്പത്തോടെയും നീട്ടിവെക്കാതെയും ചെയ്യൽ ബാധ്യതയാണ്.

**ഭർത്താവിന് ഭാര്യയോടുള്ള കടമകളിൽ പെട്ടതാണ്:** ഭക്ഷണം, വെള്ളം, വസ്ത്രം, താമസ സ്ഥലം തുടങ്ങിയ കാര്യങ്ങളിൽ അവളുടെ ചിലവ് വഹിക്കൽ.

**ഭാര്യക്ക് ഭർത്താവിനോടുള്ള കടമകളിൽ പെട്ടതാണ്:** അല്ലാഹുവിനെ ധിക്കരിക്കുന്ന കാര്യത്തിലൊഴികെ ഭർത്താവിനെ അനുസരിക്കലും, അവന്റെ രഹസ്യവും, സമ്പത്തും സംരക്ഷിക്കലും, സമ്പത്ത് പാഴാക്കുന്ന ഒന്നും അവൾ ചെയ്യാതിരിക്കലും.

## 7ـ حقوق الولاة والرعية

حقوق الرعية على الولاة: أن يقوموا بالأمانة التي حملهم الله إياها وألزمهم القيام بها من النصح للرعية والسير بها على النهج القويم الكفيل بمصالح الدنيا والآخرة، وذلك باتباع سبيل المؤمنين.

حقوق الولاة على الرعية فهي: النصح لهم فيما يتولاه الإنسان من أمورهم، وتذكيرهم إذا غفلوا، والدعاء لهم إذا مالوا عن الحق، وامتثال أمرهم في غير معصية الله، ومساعدتهم.

## 7– ഭരണാധികാരികളും പ്രജകളും തമ്മിലുള്ള കടമകൾ

**ഭരണാധികാരികൾക്ക് പ്രജകളോടുള്ള കടമകൾ:**

ഭരണാധികാരികൾ അല്ലാഹു അവരെ വഹിപ്പിച്ചതായ അമാനത്ത് നിർവ്വഹിക്കുന്നവരായിരിക്കണം. പ്രജകളോടുള്ള ഗുണകാംക്ഷയും, അതനുസരിച്ച് ദുൻയാവിന്റേയും പരലോകത്തിന്റേയും നൻമകൾ സംരക്ഷിക്കുന്നതും നേരായ പാതയിലൂടെ സഞ്ചരിക്കലുമടങ്ങിയ ആ അമാനത്ത് അനുസരിച്ച് നില കൊള്ളൽ അല്ലാഹു അവർക്ക് നിർബന്ധമാക്കിയിരിക്കുന്നു. വിശ്വാസികളുടെ പാത പിന്തുടരലാണ് അത്.

**പ്രജകൾക്ക് ഭരണാധികാരികളോടുള്ള കടമകൾ:**

ജനങ്ങളുടെ കാര്യങ്ങൾക്കായി ഒരു മനുഷ്യൻ ഭരണം ഏറ്റെടുക്കുന്നതിൽ അവരോട് ഗുണകാംക്ഷയുള്ളവരായിരിക്കൽ, അവർ അശ്രദ്ധരായാൽ അവരെ ഓർമിപ്പിക്കലും, സത്യത്തിൽ നിന്ന് തെറ്റിപ്പോയാൽ അവർക്ക് വേണ്ടി പ്രാർത്ഥിക്കലും, അല്ലാഹുവിനെ ധിക്കരിക്കുന്ന വിഷയത്തിലൊഴികെയുള്ള കാര്യങ്ങളിൽ അവരുടെ കൽപന നിറവേറ്റലും, അവരെ സഹായിക്കലും (അവരോടുള്ള ബാധ്യതയാണ്).

## 8ـ حق الجيران

الجار: هو القريب منك في المنزل، يحسن إليه بما استطاع من المال والجاه والنفع، ويكفّ عنه الأذى القولي والفعلي.

1ـ إن كان قريبا منك في النسب وهو مسلم فله ثلاثة حقوق: حق الجوار، وحق القرابة، وحق الإسلام.

2ـ إن كان مسلما وليس بقريب في النسب فله حقان: حق الجوار، وحق الإسلام

3ـ وكذلك إن كان قريبا وليس مسلما فله حقان: حق الجوار، وحق القرابة

4ـ إن كان بعيدا غير مسلم فله حق واحد: حق الجوار

## 8– അയൽക്കാരോടുള്ള കടമകൾ

അയൽവാസി: നിന്റെ വീട് കൊണ്ട് നിന്നോട് അടുത്ത് നിൽക്കുന്നവനാണ് അയൽവാസി. സമ്പത്ത്, സ്ഥാനം, ഉപകാരം തുടങ്ങിയവയാൽ കഴിവിന്റെ പരമാവധി അവനിലേക്ക് നൻമ ചെയ്യണം. വാക്കാലും, പ്രവൃത്തിയാലുമുള്ള ഉപദ്രവങ്ങൾ അവനിൽ നിന്ന് തടയുകയും വേണം.

1- അയൽവാസി മുസ്ലിമും, നിന്റെ കുടുംബത്തിൽ പെട്ടവനുമായി നിന്നോട് അടുത്തായാൽ അവന് മൂന്ന് ബാധ്യതകളുണ്ട്: അയൽപക്ക ബാധ്യത, ബന്ധത്തിലുള്ള ബാധ്യത, ഇസ്ലാമിന്റെ ബാധ്യത.

2- ഇനി അവൻ മുസ്ലിമാണ്, നിന്റെ കുടുംബത്തിൽ പെട്ട ബന്ധുവല്ല എങ്കിൽ അവനോട് രണ്ട് കടമകളുണ്ട്: അയൽപക്ക ബാധ്യത, ഇസ്ലാമിന്റെ ബാധ്യത.

3- ഇനി അയൽവാസി ബന്ധുവാണ്, എന്നാൽ മുസ്ലിം അല്ല എങ്കിൽ രണ്ട് കടമകളുണ്ട്: അയൽപക്ക ബാധ്യത, ബന്ധത്തിന്റെ ബാധ്യത.

4- ഇനി അവൻ ബന്ധുവും മുസ്ലിമും അല്ല എങ്കിൽ ഒരു കടമയുണ്ട്: അയൽപക്ക ബാധ്യത ആണത്.

## 9ـ حقوق المسلمين عموما

منها السلام، وإذا دعاك فأجبه، وإذا استنصحك فانصحه، وإذا عطس فحمد الله فشمّته، وإذا مرض فعده، وإذا مات فاتبعه، وكف الأذى عنه.

حقوق المسلم على المسلم كثيرة، ويمكن أن يكون المعنى الجامع لها هو قوله ﷺ «المسلم أخو المسلم» فإنه متى قام بمقتضى هذه الأخوة اجتهد أن يتحرى له الخير كله، وأن يجتنب كل ما يضره.

## 9– മുസ്‌ലീംകൾ പരസ്പരമുള്ള കടമകൾ

അതിൽ പെട്ടതാണ് സലാം പറയൽ, ക്ഷണിച്ചാൽ ക്ഷണം സ്വീകരിക്കൽ, ഉപദേശം തേടിയാൽ ഉപദേശിക്കൽ, തുമ്മുകയും അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്താൽ അവന് വേണ്ടി പ്രാർത്ഥിക്കൽ, അവൻ രോഗിയായാൽ അവനെ സന്ദർശിക്കൽ, അവനിൽ നിന്ന് ഉപദ്രവങ്ങൾ നീക്കം ചെയ്യൽ.

ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിനോടുള്ള ബാധ്യതകൾ ധാരാളമാണ്, അതിന്റെ സമഗ്രമായ അർത്ഥം '**ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്'** എന്ന നബി ﷺ യുടെ വാക്കിൽ ഉൾക്കൊള്ളുന്നു. നിശ്ചയം ഈ സാഹോദര്യത്തിന്റെ ഉള്ളടക്കം എപ്പോൾ അവൻ നിർവ്വഹിക്കുന്നുവോ അപ്പോൾ അവൻ അവന് എല്ലാ നൻമകളും ചെയ്യാനും, അവന് ദ്രോഹം ഉണ്ടാക്കുന്ന എല്ലാം അകറ്റാനും ശ്രമിക്കും.

## 10ـ حق غير المسلمين

يجب على ولي أمر المسلمين أن يحكم فيهم بحكم الإسلام في النفس والمال والعرض، وأن يقيم الحدود عليهم فيما يعتقدون تحريمه، ويجب عليه حمايتهم وكف الأذى عنهم .

ويجب أن يتميزوا عن المسلمين في اللباس، وألا يظهروا شيئا منكرا في الإسلام، أو شيئا من شعائر دينهم؛ كالناقوس، والصليب.

## 10 – അമുസ് ലീംകളോടുള്ള കടമകള്‍

മുസ്‌ലിം ഭരണാധികാരികള്‍ അവരില്‍ വ്യക്തി, സമ്പത്ത്, അഭിമാനം എന്നിത്യാദി കാര്യങ്ങളില്‍ ഇസ്‌ലാമികമായി വിധി നടപ്പാക്കണം. അവര്‍ നിഷിദ്ധമെന്ന് വിശ്വസിക്കുന്ന കാര്യങ്ങളില്‍ അവരുടെ മേല്‍ ശിക്ഷാവിധികള്‍ നടപ്പിലാക്കുകയും വേണം, അവരെ സംരക്ഷിക്കലും, അവരില്‍ നിന്ന് ഉപദ്രവങ്ങള്‍ തടയലും ഭരണാധികാരിക്ക് നിര്‍ബന്ധമാണ്.

അവര്‍ വേഷം കൊണ്ട് മുസ്‌ലീംകളില്‍ നിന്ന് വേര്‍തിരിവുണ്ടാവണം. അവര്‍ ഇസ്‌ലാമിക വിരുദ്ധമായ ഒന്നും തന്നെയോ, അല്ലെങ്കില്‍ കുരിശോ, മണിയോ പോലെയുള്ള അവരുടെ മത ചിഹനങ്ങളോ വെളിവാക്കരുത്.